10

## അഭിവാദ്യം

കൂട്ടുകാരെ കാണുമ്പോൾ പുഞ്ചിരിക്കുക. പ്രസന്നതയോടെയല്ലാതെ ആരെയും അഭിമുഖീകരക്കരുത്. അവരെ കാണുമ്പോൾ പുഞ്ചിരിക്കുകയും അഭിവാദ്യം ചെയ്യുകയും വേണം. അവരുമായി ഹസ്തദാനം നടത്തണം.

കൂട്ടുകാർക്ക് നന്മ നേരുകയാണ് അഭിവാദനത്തിൻെറ ഉദ്ദേശ്യം. അതിന് പല രീതിയും ഉണ്ട്. നമസ്കാരം, നമസ്തേ, ഗുഡ്മോണിംഗ്, അസ്സലാമു അലൈക്കും തുടങ്ങിയവ അതിനുപയോഗിക്കുന്ന രീതികളാണ്.

"അസ്സലാമു അലൈക്കും" അഭിവാദനം മാത്രമല്ല, പ്രാർഥന കൂടിയാകുന്നു. ദൈവത്തിൽനിന്നുള്ള സമാധാനം നിനക്കുണ്ടാകട്ടെ എന്നാണ് അതിനർഥം.

അഭിവാദനം ഏത് രീതിയിലായാലും അത് നമുക്കിടയിൽ കൂടുതൽ സ്നേഹവും അടുപ്പവും ഉണ്ടാക്കും. മനസ്സിൽനിന്ന് വിദ്വേഷം ഇല്ലാതാക്കും.

കൂട്ടുകാരെയും മാതാപിതാക്കളെയും ജ്യേഷ്ഠാനുജന്മാരെയും ഗുരുനാഥന്മാരെയുമൊക്കെ ഈ രീതിയിൽ അഭിവാദനം ചെയ്യണം. വീട്ടിൽ കയറുമ്പോൾ ആ രീതി അവലംബിക്കണം. വീട്ടുകാരെ നമ്മുടെ സാന്നിധ്യം അറിയിക്കാൻ കൂടിയാണത്. മിണ്ടാതെ വീട്ടിലേക്ക് കയറരുത്. ക്ലാസ്റൂമിൽ പ്രവേശിക്കുമ്പോഴും അത് പതിവാക്കണം.

അറിയുന്നവരോടും അറിയാത്തവരോടുമൊക്കെ അതാകാം. പരിചയം ഉണ്ടാക്കുവാനും സ്നേഹം ബന്ധം സ്ഥാപിക്കുവാനും അതേറെ ഉപകരിക്കും.

അഭിവാദ്യം ചെയ്യുന്നവർ നല്ല സ്വഭാവമുള്ളവരായിരിക്കും. അഭിവാദ്യം ചെയ്യുക. മറ്റുള്ളവർ നമ്മെ കൂടുതൽ സ്നേഹിക്കും. നല്ല കുട്ടികൾ എന്ന് അവർ നമ്മെ പ്രശംസിക്കും.

നല്ല രീതിയിൽ അഭിവാദ്യം ചെയ്യുക. അഭിവാദ്യം ചെയ്യുന്നതിൽ നഷ്ടപ്പെടാൻ ഒന്നുമില്ല. നേടാൻ ഒത്തിരിയുണ്ട്.